LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച മാതൃകാ കോളേജ്

138(1123) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം മാനന്തവാടി നിയോജകമണ്ഡലത്തിൽ അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ കേന്ദ്ര വിഹിതമായ 7.2 കോടി രൂപ നാളിതുവരെയും ലഭ്യമായിട്ടില്ല എന്നതാണ് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

(ബി) ഇവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേന്ദ്രം നിഷ്കർഷിച്ചിരുന്ന എല്ലാ മാനദണ്ഡങ്ങളും റൂസാ സംസ്ഥാന പദ്ധതി കാര്യാലയവും സംസ്ഥാന സർക്കാരും യഥാസമയം നിർവ്വഹിച്ചിട്ടുണ്ട്. 15-7-2021-ൽ ഇതുവരെ റൂസാ സംസ്ഥാന പദ്ധതി കാര്യാലയം സ്വീകരിച്ച നടപടികൾ ക്രോഡീകരിച്ച് റൂസാ ദേശീയ കോഡിനേറ്റർക്ക് അയച്ചുനൽകുകയും പദ്ധതി വിഹിതം അടിയന്തരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം

139(1124) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായോ; ആയത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ പരിഗണിക്കാനാകില്ലെന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്.